# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 13 | 2021 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### മകരവിളക്ക് ഇന്ന് (14); സന്നിധാനം ഭക്തിനിര്ഭരം

ശബരിമല അയ്യപ്പ സന്നിധിയിലെ മകരവിളക്ക് ഇന്ന് (ജനു. 14ന് ) നടക്കും. ഭക്തിനിര്ഭരമായ മകരവിളക്ക് ദര്ശനത്തിന് മണിക്കൂറുകള് ശേഷിക്കേ ശബരിമല അയ്യപ്പസന്നിധിയില് എല്ലാ ഒരുക്കങ്ങളും പൂര്ത്തിയായി. കോവിഡ് പശ്ചാത്തലത്തില് 5000 പേര്ക്കാണ് ഇത്തവണ പ്രവേശനം.

തന്ത്രി കണ്ഠരര് രാജീവരുടെ നേതൃത്വത്തില് മകരവിളക്കിന് മുന്നോടിയായുള്ള ശുദ്ധിക്രിയകള് നടന്നു. ഇന്നലെ (ജനുവരി 13) ഉച്ചപൂജയോട് അനുബന്ധിച്ച് ബിംബ ശുദ്ധിക്രിയയും നടന്നു. പന്തളം കൊട്ടാരത്തില് നിന്ന് കൊണ്ടുവരുന്ന തിരുവാഭരണം ഇന്ന് (ജനുവരി 14) വൈകുന്നേരം ആറരയോടുകൂടി അയ്യപ്പസന്നിധിയില് എത്തും. തിരുവാഭരണ പേടകം പതിനെട്ടാംപടിക്ക് മുകളില് കൊടിമരച്ചുവട്ടില് ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രന്, ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ. എന്. വാസു, ദേവസ്വംബോര്ഡ് മെമ്പര്മാര്, ഉന്നത ഉദ്യോഗസ്ഥര് എന്നിവര് ചേര്ന്ന് ഏറ്റുവാങ്ങും. തുടര്ന്ന് ശ്രീകോവിലേക്ക് ആചാരപൂര്വം ആനയിക്കുന്ന തിരുവാഭരണ പേടകം തന്ത്രി കണ്ഠരര് രാജീവരും മേല്ശാന്തി വി.കെ. ജയരാജ് പോറ്റിയും ഏറ്റുവാങ്ങി

അയ്യപ്പസ്വാമിക്ക് ചാര്ത്തും. ശേഷം തിരുവാഭരണം ചാര്ത്തി ദീപാരാധന. മകരജ്യോതി ദര്ശനം ദീപാരാധനയോട് അനുബന്ധിച്ചു നടക്കും. ദീപാരാധനയ്ക്ക് ശേഷം ഏറ്റവും വിശേഷപ്പെട്ട മകരസംക്രമ പൂജയും നടക്കും. പൂജയുടെ മധ്യത്തില് തിരുവിതാംകൂര് കൊട്ടാരത്തില് നിന്ന് കൊണ്ടുവരുന്ന നെയ്ത്തേങ്ങ പൊട്ടിച്ച് അഭിഷേകം ചെയ്യും. പന്തളം വലിയകോയിക്കല് ധര്മ്മശാസ്ത്രാക്ഷേത്രത്തില് നിന്ന് പുറപ്പെട്ട തിരുവാഭരണ ഘോഷയാത്ര മകരവിളക്ക് ദിവസമായ ജനുവരി 14 ന് പുലര്ച്ചെ മൂന്നിന് ളാഹയില് നിന്നും പുറപ്പെട്ട് വലിയാനവട്ടം, ചെറിയാനവട്ടം വഴി നീലിമല കയറി അപ്പാച്ചിമേട് വഴി വൈകുന്നേരം അഞ്ചരയോടെ ശരംകുത്തിയിലെത്തും. അവിടെ നിന്ന് ദേവസ്വം ബോര്ഡ് ആചാരപൂര്വ്വം തിരുവാഭരണം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. ദേവസ്വം ബോര്ഡ് നിയോഗിച്ചിട്ടുള്ള ജീവനക്കാരാണ് ശരംകുത്തിയില് തിരുവാഭരണ ഘോഷയാത്രയെ സ്വീകരിച്ച് ആനയിക്കുക.

## ഹരിവരാസന പുരസ്കാര വിതരണം ഇന്ന്(14) മന്ത്രി കടകംപള്ളി സുരേന്ദ്രന് നിര്വഹിക്കും

സംസ്ഥാന സര്ക്കാരിന്റെ 2021 ലെ ഹരിവരാസന പുരസ്കാരം പ്രശസ്ത ഗായകന് വീരമണിക്ക് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന് ഇന്ന് (ജനു.14) സമ്മാനിക്കും. രാവിലെ ഒന്പതിന് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തില് നടക്കുന്ന ചടങ്ങിലാണ് ഹരിവരാസനം പുരസ്കാര സമര്പ്പണം. രാജു എബ്രഹാം എംഎല്എ ചടങ്ങില് അധ്യക്ഷത വഹിക്കും. ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ. എന്. വാസു, മറ്റ് ദേവസ്വം ബോര്ഡ് അംഗങ്ങള് തുടങ്ങിയവര് പങ്കെടുക്കും.
ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവും ഉള്പ്പെടുന്നതാണ് പുരസ് കാരം. 2012 ലാണ് ആദ്യമായി പുരസ്കാരം ഏര്പ്പെടുത്തിയത്. പത്മശ്രീ ഡോ. കെ. ജെ. യേശുദാസിനായിരുന്നു പ്രഥമ പുരസ്കാരം നല്കിയത്.

## സന്നിധാനത്തെ നവീകരിച്ച അന്നദാന മണ്ഡപം മുഖ്യമന്ത്രി ഇന്ന് (14) ഉദ്ഘാടനം ചെയ്യും

ശബരിമല സന്നിധാനത്തെ മാളികപ്പുറം ക്ഷേത്രത്തിനു സമീപമുള്ള നവീകരിച്ച അന്നദാന മണ്ഡപം മുഖ്യമന്ത്രി പിണറായി വിജയന് മകരവിളക്ക് ദിവസം (ജനു.14) ഉദ്ഘാടനം ചെയ്യും. രാവിലെ എട്ടിന് ഓണ്ലൈനിലൂടെയാണ് മുഖ്യമന്ത്രി അന്നദാന മണ്ഡപം ഭക്തര്ക്കു തുറന്നു കൊടുക്കുക.
ചടങ്ങില് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന് വിശിഷ്ടാതിഥിയാകും. രാജു എബ്രഹാം എംഎല്എ അധ്യക്ഷത വഹിക്കും. ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ. എന്. വാസു, ബോര്ഡ് അംഗങ്ങള്, ഉന്നതതല ഉദ്യോഗസ്ഥര് തുടങ്ങിയവര് പങ്കെടുക്കും.
4000ത്തോളം ഭക്തര്ക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന തരത്തില് ആധുനിക രീതിയിലാണ് അന്നദാന മണ്ഡപം

നവീകരിച്ചിട്ടുള്ളത്. ഏഷ്യയിലെ ഏറ്റവും വലിയ അന്നദാനമണ്ഡപം കൂടിയാണിത്.

(പി.ആര്. ശബരി - (187)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി
JANUARY 13 2021

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


### മകരവിളക്ക്: പോലീസ് ക്രമീകരണങ്ങള് ഏർപ്പെടുത്തി

ശബരിമല മകരവിളക്കിനോടനുബന്ധിച്ച് കോവിഡ് പശ്ചാത്തലത്തില് തിരക്ക് കുറവാണെങ്കിലും മുൻവർഷങ്ങളിലേതുപോലെ ശക്തമായ പോലീസ് ക്രമീകരണങ്ങള് ഏർപ്പെടുത്തിയതായി ജില്ലാപോലീസ് മേധാവി പി ബി രാജീവ് അറിയിച്ചു.
സുഗമമായ മകരവിളക്ക് ദർശനത്തിനുള്ള എല്ലാ സാഹചര്യവും ഉറപ്പാക്കിയിട്ടുണ്ട്. ഇതിനായി ആറു ഡിവിഷനുകളായി പോലീസിനെ വിന്യസിച്ചു. പഞ്ഞിപ്പാറ, നെല്ലിമല, ഇലവുങ്കല്, അയ്യന്മല, അട്ടത്തോട് പടിഞ്ഞാറെ കോളനി, അട്ടത്തോട് എന്നിങ്ങനെ ഡിവിഷനുകള് തിരിച്ചു പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിച്ചു. തുലാപ്പള്ളിയില് നിന്നും അഞ്ചു കിലോമീറ്റര് അകലെയുള്ള നെല്ലിമലയിലെ മകരജ്യോതി ദർശനം ലഭ്യമാകുന്ന പ്രദേശത്തില് ആയിരത്തോളം അയ്യപ്പഭക്തര് എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഡിസിആർബി ഡിവൈഎസ്പി എ. സന്തോഷ്കുമാറിനാണ് ഇവിടുത്തെ ചുമതല. നാറാണീതോട് കൊച്ചുപാലം ജംഗ്ഷനില് നിന്നും രണ്ടു കിലോമീറ്റര് അകലെയുള്ള അയ്യന്മലയിലും ആയിരത്തോളം ഭക്തരെ പ്രതീക്ഷിക്കുന്നു. നിയന്ത്രണങ്ങളും മറ്റും ഏർപ്പെടുത്തിയിട്ടുണ്ട്. നാർക്കോട്ടിക് സെല് ഡിവൈഎസ്പി ആര്.പ്രദീപ് കുമാറിനാണ് ഇവിടുത്തെ ചുമതല.

ആങ്ങമൂഴിയില് നിന്നും രണ്ടു കിലോമീറ്റര് ദൂരേമാറി പഞ്ഞിപ്പാറ ശിവക്ഷേത്രം മകരവിളക്ക് ദര്‍ശനത്തിന് ഏറ്റവും അനുകൂലമായ പ്രദേശമാണ്. കുട്ടികളും സ്ത്രീകളും ഉള്‍പ്പെടെ ആയിരത്തോളം പേര് തടിച്ചുകൂടുമെന്ന് കരുതപ്പെടുന്നു. ഇന്ന്(വ്യാഴം) രാവിലെ മുതല് തന്നെ ആങ്ങമൂഴി മുതല് പ്ലാപ്പള്ളി വരെയുള്ള റോഡില് ഗതാഗത നിയന്ത്രണം ഏര്‍പ്പെടുത്തി. മൂഴിയാര് എസ്എച്ച്ഒ യ്ക്കാണ് ചുമതല. ഇലവുങ്കല് ഭാഗത്തെ നിയന്ത്രണങ്ങളുടെ ചുമതല പെരുമ്പെട്ടി എസ്എച്ച് ഒ യ്ക്കാണ്. നിലക്കല് നിന്നും ഒരു കിലോമീറ്റര് മാറിയുള്ള അട്ടത്തോട് പടിഞ്ഞാറെ കോളനി പ്രദേശത്തെ തിരക്കും ഗതാഗത നിയന്ത്രണവും നിലക്കല് എസ്എച്ച്ഒ യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തിനാണ്. നിലക്കല് പമ്പ മെയിന് റോഡിലെ അട്ടത്തോട് പ്രദേശത്തും ആളുകളുടെ വലിയ തിരക്കനുഭവപ്പെടാന് സാധ്യതയുള്ളതിനാല് ശക്തമായ പോലീസ് ക്രമീകരണങ്ങള് ഏര്‍പ്പെടുത്തിയിട്ടുണ്ട്. തണ്ണിത്തോട് എസ്എച്ച്ഒ യുടെ നേതൃത്വത്തില് ഇവിടുത്തെ നിയന്ത്രണങ്ങള്‍ക്കും മറ്റുമായി പോലീസിനെ വിന്യസിച്ചതായും ജില്ലാ പോലീസ് മേധാവി അറിയിച്ചു. പതിവുപോലെ സുഗമമായും അനിഷ്ടസംഭവങ്ങളുണ്ടാകാതെയും മകരജ്യോതി ദര്‍ശനം എല്ലാ അയ്യപ്പഭക്തര്‍ക്കും നടത്തുന്നതിനു വേണ്ട മുഴുവന് സന്നാഹങ്ങളും ഒരുക്കിയതായി ജില്ലാപോലീസ് മേധാവി വ്യക്തമാക്കി.

**(പി.ആര്. ശബരി - (188)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 13 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### മകരവിളക്ക്: ഗതാഗത നിയന്ത്രണത്തിന് പോലീസിനെ സജ്ജമാക്കി

മകരജ്യോതി ദർശനവുമായി ബന്ധപ്പെട്ടുള്ള ഗതാഗത നിയന്ത്രത്തിന് പോലീസിനെ സജ്ജമാക്കിയതായി ജില്ലാ പോലീസ് മേധാവി പറഞ്ഞു. ഇതിനായി ജില്ലയില് 13 മേഖലകളായി തിരിച്ചു പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. നിലക്കല് ഇലവുങ്കല് മേഖലയിലെ ഗതാഗത നിയന്ത്രണത്തിന്റെ ചുമതല ഡിസിആർബി ഡിവൈഎസ്പി യേയും ഇലവുങ്കല് പ്ലാപ്പള്ളി മേഖലയുടേത് നാർക്കോട്ടിക് സെല് ഡിവൈഎസ്പി യേയും മുഴുവന് ക്രമീകരണങ്ങളുടെയും ചുമതല പത്തനംതിട്ട ഡിവൈഎസ്പി കെ.സജീവിനെയും ഏല്പിച്ചു. ഗതാഗത നിയന്ത്രണം ഇന്ന്(വ്യാഴം) രാവിലെ മുതല് ഏർപ്പെടുത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു. അയ്യപ്പഭക്തരുടെ വാഹനങ്ങള് സുഗമമായി കടന്നുപോകുന്നതിനു വേണ്ട എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതിന് എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദേശം നൽകി. വയർലെസ് സംവിധാനം ഉൾപ്പെടെയുള്ള ബൈക്ക് പട്രോളിങ് സംഘത്തെ നിയോഗിക്കാന് എസ്എച്ച്ഒ മാർക്ക് നിർദേശം കൊടുത്തിട്ടുണ്ട്.

നിലക്കല് നിന്നുള്ള വാഹനങ്ങള് ഇലവുങ്കല്, കണമല, പ്ലാപ്പള്ളി, ളാഹ, പെരുനാട്, വടശേരിക്കര വഴി മടക്കയാത്ര തുടരണം. എരുമേലിയില് നിന്നുള്ള വാഹനങ്ങളെ നിലക്കലേക്കു പോകാന് ചെത്തോങ്കരയില് അനുവദിക്കില്ല. പകരം മന്ദിരംപടി, വടശ്ശേരിക്കര വഴി പോകാന് അനുവദിക്കും.

ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട പോലീസുദ്യോഗസ്ഥര് നിലവിലെ കോവിഡ് പ്രോട്ടോകോള് നിബന്ധനകള് പൂർണമായും പാലിക്കുന്നതിനും ഗതാഗത നിയന്ത്രണം പിഴവില്ലാതെ നടത്തുന്നതിനും നിർദേശങ്ങള് നൽകിയതായും ജില്ലാപോലീസ് മേധാവി അറിയിച്ചു.

**(പി.ആര്. ശബരി - (190)**



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>______________<br>**JANUARY** **13** | **2021** |
|---|---|

## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.com*


## തീർഥാടന കാലം വിജയകരമായി പൂർത്തിയാക്കി: ദേവസ്വം ബോർഡ് പ്രസിഡന്റ്

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് തീർഥാടന കാലം വിജയകരമായി പൂർത്തിയാക്കിയതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എന്. വാസു പറഞ്ഞു. ശബരിമല സന്നിധാനത്ത് വാർത്താസമ്മേളനത്തില് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോവിഡ് പശ്ചാത്തലത്തില് ഏറെ പ്രതിസന്ധികള് നേരിട്ടുവെങ്കിലും കൂട്ടായ പരിശ്രമത്തിലൂടെ മണ്ഡല മകരവിളക്ക് തീർഥാടന കാലം മികച്ചതാക്കി. 1,32, 673 പേരാണ് 54 ദിവസത്തെ തീർഥാടന കാലത്ത് ദർശനം നടത്തിയത്. 16.30 (16,32,673) കോടി രൂപയാണ് വരുമാനമുണ്ടായത്. മകരവിളക്കുമായി ബന്ധപ്പെട്ട് ഡിസം. 31 മുതല് ജനു. 12 വരെ 6.33 (6,33,93,510) കോടി രൂപ വരുമാനം ലഭിച്ചു. കഴിഞ്ഞ വർഷം മകരവിളക്ക് കാലത്തെ ക്ഷേത്ര വരുമാനം 60.26 കോടി രൂപയായിരുന്നു. ഇപ്പോള് കേവലം 10 ശതമാനമായി അതു ചുരുങ്ങി. കഴിഞ്ഞ മണ്ഡലകാലത്ത് 166 കോടി രൂപയാണ് ബോർഡിനു

വരുമാനമുണ്ടായതെന്നും ഇപ്പോള് അതിന്റെ ആറ് ശതമാനം മാത്രമേ വരുമാനമുള്ളൂവെന്നും ദേവസ്വം ബോര്ഡ് പ്രസിഡന്റ് പറഞ്ഞു.

വരുന്ന തീര്ഥാടനകാലത്തിനു മുന്പായി കൂടുതല് വരുമാനമാര്ഗങ്ങള് കണ്ടെത്താന് ശ്രമിക്കും. കോവിഡ് പശ്ചാത്തലത്തില് ആറ് മാസത്തിനുള്ളില് സര്ക്കാര് 70 കോടി രൂപ നല്കിയെന്നും സാമ്പത്തിക സഹായമായി 100 കോടി രൂപ സര്ക്കാരിനോട് ഇനിയും ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. ക്ഷേത്രത്തിന്റെ വരുമാന മാര്ഗങ്ങള് കൂട്ടുന്നതിനായി ഭക്തരെ ബന്ധപ്പെട്ട് ഇക്കാര്യങ്ങള് ബോധ്യപ്പെടുത്തും. അയല് സംസ്ഥാനങ്ങളില് നിന്ന് വിഭവ സമാഹരണവും നടത്തും. 1250 ക്ഷേത്രങ്ങളാണ് തിരുവിതാംകൂര് ദേവസ്വം ബോര്ഡിനു കീഴിലുള്ളത്. ഇതില് 50 ക്ഷേത്രങ്ങളില് മാത്രമാണ് നിത്യവരുമാനമുള്ളതെന്നും അദ്ദേഹം പറഞ്ഞു.

ശബരിമലയിലെ മാസപൂജകള്ക്ക് അഞ്ച് ദിവസമെന്നുള്ളത് വര്ധിപ്പിക്കാന് അംഗങ്ങളുമായി ചര്ച്ച നടത്തി തീരുമാനിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേര്ത്തു. വാര്ത്താസമ്മേളനത്തില് ദേവസ്വം ബോര്ഡംഗം പി.എം. തങ്കപ്പന്, ദേവസ്വം കമ്മീഷണര് ബി.എസ്. തിരുമേനി തുടങ്ങിയവരും പങ്കെടുത്തു.

**(പി.ആര്. ശബരി - (191)**


വാര്ത്തകള്
ഇനി കാണാം...
കേള്ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല് ആപ്ലിക്കേഷനാണ്.
ആന്ഡ്രോയിഡ് വേര്ഷനിലുള്ള
എല്ലാ സ്മാര്ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില് നിന്നും PRD LIVE
ഡൗണ്ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | **13** | **2021** |



## ശബരിമല പത്രക്കുറിപ്പ് 5

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### മകരവിളക്ക് ഒരുക്കങ്ങള് പൂര്ത്തിയായി: ദേവസ്വം ബോര്ഡ് പ്രസിഡന്റ്

കോവിഡ് മാനദണ്ഡങ്ങള് പാലിച്ച് മകരവിളക്ക് ഉത്സവത്തിന് ശബരിമല സന്നിധാനത്ത് ഒരുക്കങ്ങള് പൂര്ത്തിയായതായി തിരുവിതാംകൂര് ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ. എന്. വാസു പറഞ്ഞു. ഭക്തര് കോവിഡ് നിയന്ത്രണങ്ങള് പാലിച്ച് ദര്ശനം നടത്തണമെന്ന നിര്ദേശം കൂടിയുള്ള മകരവിളക്കാണിത്. മുന്കാലങ്ങളില് മൂന്നുലക്ഷത്തോളം ഭക്തര് എത്തിയിരുന്ന മകരവിളക്കിന് ഇത്തവണ 5000 പേര് മാത്രമാണ് എത്തുന്നത്. മകരവിളക്ക് ദിനത്തില് ഭക്തര്ക്ക് സുഗമമായി അയ്യപ്പനെ ദര്ശിക്കാനുള്ള സൗകര്യവും മകരജ്യോതി കാണുവാനുള്ള സൗകര്യവും ഒരുക്കിയതായും ദേവസ്വം ബോര്ഡ് പ്രസിഡന്റ് പറഞ്ഞു.

സര്ക്കാരിന്റെ പ്രത്യേക നിര്ദേശ പ്രകാരം കോവിഡ് പ്രതിരോധ പ്രവര്ത്തനങ്ങളും ഊര്ജിതമായി നടക്കുന്നുണ്ട്. ശബരിമലയിലേക്ക് വരുന്ന ഭക്തര്ക്കും ജീവനക്കാര്ക്കും ആര്ടിപിസിആര് പരിശോധന വേണമെന്ന നിബന്ധന ഉള്ളതിനാല് കോവിഡ് വ്യാപനം ഉണ്ടാകാനുള്ള സാധ്യത കുറവാണെന്നും അദ്ദേഹം പറഞ്ഞു.

മകരജ്യോതി ദര്ശിച്ച ശേഷം ഭക്തര് രാത്രി ഒമ്പതു മണിയോടെ തന്നെ മലയിറങ്ങണമെന്നാണ് നിര്ദേശം. ഭക്തര്ക്ക് പര്ണശാലകള് കെട്ടി മകരജ്യോതി ദര്ശിക്കുന്നതിനും ഇത്തവണ വിലക്കുണ്ട്. മകരവിളക്കിന് നേതൃത്വം നല്കാന് ബുധനാഴ്ച രാത്രി ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനും സന്നിധാനത്ത് എത്തിച്ചേര്ന്നു. ദേവസ്വം പ്രസിഡന്റുമായും ബോര്ഡ് അംഗങ്ങളുമായും മന്ത്രി അവസാനവട്ട ഒരുക്കങ്ങള് വിലയിരുത്തി. തിരുവാഭരണ ഘോഷയാത്ര സന്നിധാനത്ത് എത്തുമ്പോള് ദേവസ്വം മന്ത്രിയും ദേവസ്വം ബോര്ഡ് പ്രസിഡന്റും മറ്റ് ദേവസ്വം ബോര്ഡ് പ്രതിനിധികളും ചേര്ന്ന് തിരുവാഭരണത്തെ സ്വീകരിക്കും. സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ഒരുക്കങ്ങളും പോലീസും മറ്റ് വകുപ്പുകളും ചേര്ന്ന് പൂര്ത്തിയാക്കി. എഡിജിപി എസ്. ശ്രീജിത്തിന്റെയും എസ്പി കെ. രാധാകൃഷ്ണന്റെയും നേതൃത്വത്തിലാണ് പോലീസ് സേന പ്രവര്ത്തിക്കുക. തീര്ഥാടകരുടെ സുരക്ഷയ്ക്കായി വിവിധ ഇടങ്ങളില് ബാരിക്കേഡുകളും ക്രമീകരിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങള് നേരിടാന് ആംബുലന്സ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തില് ഈ മണ്ഡലകാലത്ത് തുടക്കത്തില് 1000 ഭക്തരെയും പിന്നീട് 2000 ഭക്തരെയുമാണ് ദര്ശനത്തിന് അനുവദിച്ചത്. കോവിഡ് പശ്ചാത്തലത്തില് പമ്പാ സ്നാനം നിരോധിക്കുകയും പകരം ഷവര് സൗകര്യം ഏര്പ്പെടുത്തുകയും ചെയ്തിരുന്നു. സന്നിധാനത്ത് വിരിവയ്ക്കുന്നതിനും താമസിക്കുന്നതിനുമുള്ള സൗകര്യവും നിര്ത്തിയിരുന്നു. മണ്ഡലകാലാരംഭം മുതല് ഭക്തരില് നിന്ന് നേരിട്ടുള്ള നെയ്യഭിഷേകങ്ങളും നിര്ത്തി. എന്നാല്, അന്നദാനവും കുടിവെള്ള സൗകര്യവും കൃത്യമായി നല്കി. തിരുവാഭരണ ഘോഷയാത്രയില് വരുന്നവര്ക്കും മകരവിളക്ക് ദര്ശിക്കാനെത്തുന്ന ഭക്തര്ക്കും കുടിവെള്ളം, ഔഷധ വെള്ളം എന്നിവ വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഭക്തര്ക്ക് അപ്പം, അരവണ തുടങ്ങിയ പ്രസാദങ്ങള് ദേവസ്വം ബോര്ഡ് ആവശ്യത്തിന് കരുതിയിട്ടുണ്ട്. 18 ന് നെയ്യഭിഷേകം അവസാനിക്കുമെന്നും ദേവസ്വം ബോര്ഡ് പ്രസിഡന്റ് പറഞ്ഞു.

**(പി.ആര്. ശബരി - (192)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 13 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമല (14.01.2021)**

.........

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... തിരുനട തുറക്കല്
5.05 ന് ....അഭിഷേകം
5.20 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8.14 ന് മകരസംക്രമ പൂജ
12.30ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
5 മണിക്ക് ക്ഷേത്രനട തുറക്കും
5.15 ന് തിരുവാഭരണ സ്വീകരണ പുറപ്പാട്
5.45ന് തിരുവാഭരണ ഘോഷയാത്ര സ്വീകരിച്ച് ആനയിക്കും.
6.30 ന് .. തിരുവാഭരണം ചാർത്തിയുള്ള മഹാദീപാരാധന
6.40 ന് മകരവിളക്ക്
8.30ന് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്. ശബരി - (193)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.